# സംഗമയുഗത്തിന്റെ പ്രാപ്തികളുടെ പ്രാലബ്ധത്തിന്റെ അനുഭവം ചെയ്യൂ, മാസ്റ്റർ ദാതാവ്, മഹാ സഹയോഗിയാകൂ

ഇന്ന് ഭാഗ്യവിധാതാവായ ബാബ തന്റെ ശ്രേഷ്ഠഭാഗ്യശാലിയായ കുട്ടികളെ കാണുകയാണ്. ഓരോ കുട്ടിയുടെയും ഭാഗ്യത്തിന്റെ രേഖകൾ കണ്ട് കണ്ട് ഭാഗ്യവിധാതാവായ ബാബയും ഹർഷിതമാകുകയാണ്. എന്തെന്നാൽ മുഴുവൻ കൽപത്തിൽ ചക്രം കറങ്ങിയാൽ താങ്കളെപ്പോലെ ശ്രേഷ്ഠഭാഗ്യം ഏതൊരു ധർമാത്മാവിനും, മഹാത്മാവിനും, രാജ്യാധികാരി ആത്മാവിനും ആർക്കും ഇത്ര വലിയ ഭാഗ്യമില്ല, താങ്കൾ സംഗമയുഗീശ്രേഷ്ഠാത്മാക്കൾക്കുള്ളതു പോലെ. മസ്തകത്തിലൂടെ തന്റെ ഭാഗ്യത്തിന്റെ രേഖകളെ കാണുന്നുണ്ടോ? ബാപ്ദാദ ഓരോ കുട്ടികളുടെയും മസ്തകത്തിൽ തിളങ്ങുന്ന ജ്യോതിയുടെ ശ്രേഷ്ഠരേഖ കാണുകയാണ്. താങ്കളേവരും തന്റെ രേഖകൾ കാണുന്നുണ്ടോ? നയനങ്ങളിൽ നോക്കുകയാണെങ്കിൽ സ്നേഹത്തിന്റെയും ശക്തിയുടെയും രേഖകൾ സ്പഷ്ടമാണ്. മുഖത്തു നോക്കൂ, മധുര ശ്രേഷ്ഠശബ്ദത്തിന്റെ രേഖകൾ തിളങ്ങുകയാണ്. ചുമലുകളിൽ നോക്കൂ, ആത്മീയ പുഞ്ചിരി, ആത്മീയസന്തോഷത്തിന്റെ തിളക്കത്തിന്റെ രേഖ കാണപ്പെടുകയാണ്. ഹൃദയത്തിൽ നോക്കൂ, എങ്കിൽ ഹൃദയേശ്വരന്റെ സ്നേഹത്തിൽ ലൗലീനമായിരിക്കുന്ന രേഖ സ്പഷ്ടമാണ്. കൈകളിൽ നോക്കൂ രണ്ടു കൈകളും സർവ ഖജനാക്കളാൽ സമ്പന്നമാകുന്നതിന്റെ രേഖ നോക്കൂ, കാലുകളിൽ നോക്കൂ, ഓരോ ചുവടിലും കോടിയുടെ പ്രാപ്തിയുടെ രേഖ സ്പഷ്ടമാണ്. എത്ര വലിയ ഭാഗ്യമാണ്!

ഭാഗ്യവിധാതാവായ ബാബ ഓരോ കുട്ടിക്കും പുരുഷാർഥത്തിലൂടെ, ശ്രേഷ്ഠ കർമത്തിന്റെ പേനയിലൂടെ ഈ എല്ലാ രേഖകളും ആകർഷിക്കുവാൻ തുറന്ന ഹൃദയത്തോടെ, തുറന്ന അനുവാദം നൽകിയിരിക്കുന്നു. എത്രത്തോളം രേഖ നീട്ടി വരയ്ക്കാൻ ആഗ്രഹിക്കുന്നുവോ അത്രയും നീട്ടാൻ സാധിക്കും, എന്നാൽ സമയത്തിനുള്ളിൽ. ആർക്ക് എത്ര നീണ്ട രേഖ വരയ്ക്കണോ, അത് സ്വയം നീട്ടാനാവും. ബാബ പേന താങ്കളുടെ കൈയിൽ തന്നിരിക്കുന്നു. അപ്പോൾ ആ രേഖ നീട്ടാൻ അറിയാമോ? നീട്ടിയിട്ടുണ്ടോ അതോ നീട്ടാൻ അറിയുകയില്ലേ? എല്ലാവർക്കും അറിയാമോ? (ഹാംജി) വളരെ നല്ലത്. നോക്കൂ, ഇപ്പോഴത്തെ ഭാഗ്യത്തിന്റെ രേഖ താങ്കളെ മുഴുവൻ കൽപത്തിലും ശ്രേഷ്ഠമാക്കുന്നു, 21 ജന്മം സദാ സമ്പന്നവും സുഖിയുമായി കഴിയുന്നതിനുള്ള രേഖ നടക്കുക തന്നെയാണ്, ദ്വാപര കലിയുഗത്തിലും താങ്കളുടെ പൂജ്യമാകുന്നതിന്റെ രേഖ ശ്രേഷ്ഠമായിരിക്കുന്നു. അപ്പോൾ ഈ സമയത്തെ ഭാഗ്യത്തിന്റെ രേഖ മുഴുവൻ കൽപം സദാ കൂടെ വരുന്നു. എന്തെന്നാൽ അവിനാശി ബാബയുടെ അവിനാശിരേഖയാണ്. അപ്പോൾ സദാ തന്റെ ശ്രേഷ്ഠഭാഗ്യത്തിന്റെ രേഖ സ്മൃതിയിലുണ്ടോ? ഉണ്ട് എന്നാൽ ഇടയ്ക്ക എമർജായിരിക്കുന്നു, ഇടയ്ക്ക് മർജാകുന്നു. അതോ സദാ എമർജായിരിക്കുന്നുവോ? ഇതിൽ കുറച്ചു പേരേ കൈ ഉയർത്തുന്നുള്ളൂ. നോക്കൂ സദാ എമർജായിരിക്കണം. എമർജായിരിക്കുന്നതിന്റെ ലക്ഷണമാണ്- പഴയ സ്മൃതികൾ, പഴയ സംസ്കാരത്തിന്റെ രേഖകൾ എമർജാകുകയില്ല. മർജാകും. മർജ് ആയി ആയി സമാപ്തമായിപ്പോകുന്നു. എവിടെയാണോ ശ്രേഷ്ഠഭാഗ്യത്തിന്റെ രേഖകൾ എമർജ്, അവിടെ പഴയ രേഖകൾ എമർജാകുക അസംഭവ്യമാണ്. അഥവാ സംഭവിക്കുകയാണെങ്കിൽ തെളിയുന്നു- ശ്രേഷ്ഠഭാഗ്യത്തിന്റെ രേഖ സദാ എമർജായിരിക്കുന്നില്ല. അപ്പോൾ എന്താണ് കരുതുന്നത്? ഇത്രയും ശ്രേഷ്ഠഭാഗ്യത്തിന്റെ രേഖകൾ എമർജാകണമോ അതോ മർജോ?

ബാപ്ദാദ വർത്തമാനസമയത്ത്എല്ലാ കുട്ടികളെയും വർത്തമാന സംഗമയുഗത്തിന്റെ പ്രാപ്തികളുടെ പ്രാലബ്ധരൂപത്തിൽ കാണുവാൻ ആഗ്രഹിക്കുന്നു. പുരുഷാർഥം വളരെ സമയം ചെയ്തു, ഇപ്പോൾ പുരുഷാർഥം സ്വതവേ നടക്കുന്നു, പരിശ്രമത്തോടെയുള്ള പുരുഷാർഥമല്ല. എന്താ അവസാനം വരെ പുരുഷാർഥത്തിന്റെ പരിശ്രമം ചെയ്തുകൊണ്ടിരിക്കുമോ? സംഗമയുഗത്തിന്റെ പ്രാപ്തികളുടെ പ്രാലബ്ധത്തിന്റെ അനുഭവം ഇപ്പോൾ ചെയ്യുകയില്ലെങ്കിൽ എപ്പോൾ ചെയ്യും! ഭാവിയുടെ പ്രാലബ്ധം വേറെ കാര്യമാണ്. അതാണെങ്കിൽ താങ്കളുടെ ഈ പുരുഷാർഥത്തിന്റെ പ്രാലബ്ധത്തിന്റെ നിഴലാണ്. അത് താങ്കളുടെ പിറകെ പിറകെ തനിയെ വരും. എന്നാൽ വിശേഷ കാര്യമാണ് ഈ സമയത്തെ പ്രാലബ്ധം പ്രാപ്തമാക്കുന്നതിന്റെ. ഇങ്ങനെയല്ല- ആരെങ്കിലും എങ്ങനെയുണ്ട് എന്ന് ചോദിക്കുക, എന്തുണ്ട് വിശേഷം? ഇപ്പോൾ വരെയും ഇതു തന്നെ പറഞ്ഞുകൊണ്ടിരിക്കരുത്- പുരുഷാർഥം നടന്നുകൊണ്ടിരിക്കുകയാണ്. പുരു

ഷാർഥമുണ്ട്, എന്നാൽ പുരുഷാർഥത്തിന്റെ പ്രാലബ്ധം ഇപ്പോൾ അനുഭവം ചെയ്യൂ. ആ പ്രാലബ്ധമാണ് –സർവ ശക്തി സമ്പന്നം, സർവ ജ്ഞാന സമ്പന്നം,സർവ വിഘ്ന വിനാശക മൂർത്തി, ഈ ഇപ്പോഴത്തെ പ്രാലബ്ധം ഭാവിയിൽ സ്വതവേ പ്രാപ്തമാകും. ഭാവിയിൽ വെറും പ്രാലബ്ധമുള്ളതു പോലെ, പുരുഷാർഥം സമാപ്തമാകും. ഇങ്ങനെ ഇപ്പോൾ ബാക്കി ഉണ്ടായിരിക്കുന്ന സമയത്ത് പ്രാലബ്ധ സ്വരൂപത്തിന്റെ വിശേഷ അനുഭവം ചെയ്യൂ. പ്രാലബ്ധം എന്നു പറയുമ്പോൾ പുരുഷാർഥത്തിന്റെ തന്നെ പ്രാലബ്ധമാണ് ഉണ്ടാകുന്നത്. പുരുഷാർഥം ചെയ്തു, ആ പുരുഷാർഥമനുസരിച്ചു തന്നെ പ്രാലബ്ധത്തിന്റെ അനുഭവം ചെയ്യാം. എന്നാൽ ബാപ്ദാദ കുട്ടികളോട് എന്താണ് ആഗ്രഹിക്കുന്നത്? ചോദിക്കുന്നില്ലേ ബാപ്ദാദ ഞങ്ങളിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത്? അപ്പോൾ ബാപ്ദാദ ഇതാണ് ആഗ്രഹിക്കുന്നത് ഇപ്പോൾ അൽപ സമയത്തേക്ക് പുരുഷാർഥത്തിന്റെ പ്രാലബ്ധ സ്വരൂപമാകൂ. ആകാൻ സാധിക്കുമോ അതോ പുരുഷാർഥത്തിന്റെ പരിശ്രമം നല്ലതായി തോന്നുന്നുണ്ടോ? പ്രാലബ്ധമുള്ളതാകുമോ? ഇപ്പോൾ പുരുഷാർഥം ചെയ്യുകയാണ്, പുരുഷാർഥം നടക്കും, ചെയ്തുകാണിക്കും, ഈ വാക്കുകൾ സമാപ്തമാകണം. ചെയ്തുകാണിക്കുമോ, കാണിക്കൂ. എപ്പോൾ കാണിക്കും? എന്താ വിനാശത്തിന്റെ സമയത്ത് കാണിക്കുമോ? ഇതിന് വളരെ സഹജ വിധിയാണുള്ളത്– ഇപ്പോൾ മാസ്റ്റർ ദാതാവാകൂ. ബാബയിൽ നിന്ന് എടുത്തതാണ്, എടുത്തുകൊണ്ടുമിരിക്കും. എന്നാൽ ആത്മാക്കളിൽ നിന്ന് എടുക്കാനുള്ള ഭാവന വെക്കാതിരിക്കൂ. ഇവർ ചെയ്തു തന്നാൽ ഇങ്ങനെയാകാം. ഇവർ മാറിയാൽ ഞാൻ മാറാം. ഇത് എടുക്കാനുള്ള ഭാവനയാണ്. ഇങ്ങനെയായാൽ ഇങ്ങനെയാകാം. ഇവ എടുക്കാനുള്ള ഭാവനയാണ്. ഇങ്ങനെയാകാം എന്നല്ല, ഇങ്ങനെ ചെയ്തുകാണിക്കണം. നടന്നാൽ എന്നല്ല നടക്കുക തന്നെ വേണം. എനിക്ക് ചെയ്യണം. എനിക്ക് വൈബ്രേഷൻ നൽകണം. എനിക്ക് ദയാമനസ്കനാകണം. എനിക്ക് ഗുണങ്ങളുടെ സഹയോഗം നൽകണം. എനിക്ക് ശക്തികളുടെ സഹയോഗം നൽകണം. മാസ്റ്റർ ദാതാവാകൂ. എടുക്കണമെങ്കിൽ ഒരു ബാബയിൽ നിന്നെടുക്കൂ. അഥവാ മറ്റ് ആത്മാക്കളിൽ നിന്നും ലഭിക്കുന്നുവെങ്കിൽ ബാബ നൽകിയതാണ് ലഭിക്കുക. അപ്പോൾ ദാതാവായി ഉദാരഹൃദയരാകൂ. നൽകാൻ അറിയാമോ? അതോ എടുക്കാൻ മാത്രമേ അറിയൂ. ഇപ്പോൾ എന്ത് ശേഖരിച്ചുവോ അത് നൽകൂ. പരസ്പരം ബ്രാഹ്മണആത്മാക്കളും മാസ്റ്റർ ദാതാവാകൂ. മറ്റുള്ളവർ നൽകിയാൽ ഞാൻ നൽകാം. ഇല്ല, എനിക്ക് നൽകണം. ഖജനാവില്ലേ താങ്കളുടെ കയ്യിൽ? നിറഞ്ഞതാണോ? ഗുണങ്ങളാൽ നിറഞ്ഞതാണോ? ശക്തികളാൽ നിറഞ്ഞതാണോ? ആണെങ്കിൽ എന്തേ നൽകുന്നില്ല? തനിക്കു വേണ്ടി ഒളിച്ചുവെച്ചിരിക്കുകയാണോ? ഖജനാക്കളാൽ നിറഞ്ഞതാണെങ്കിൽ നൽകിക്കൊണ്ടേ പോകൂ. ഇത് എന്തുകൊണ്ട് ചെയ്യുന്നു? ഇത് എന്തുകൊണ്ട് പറയുന്നു? ഈ ചിന്ത വെക്കാതിരിക്കൂ. ദയാമനസ്കരായി തന്റെ ഗുണങ്ങളുടെ, തന്റെ ശക്തികളുടെ സഹയോഗം നൽകൂ. അപ്പോൾ മനസിലായോ ബാപ്ദാദ എന്താണാഗ്രഹിക്കുന്നതെന്ന്?

ബാപ്ദാദയ്ക്ക് ഇപ്പോൾ വരെയും കുട്ടികളുടെ പുരുഷാർഥത്തിന്റെ പരിശ്രമം കാണാൻ കഴിയില്ല. ഡയമണ്ട് ജൂബിലി സമാപ്തമായി, ഡയമണ്ട് ഇപ്പോഴും കറയറ്റതാകാൻ പുരുഷാർഥത്തിൽ മുഴുകിയിരിക്കുന്നു. ഡയമണ്ട് ജൂബിലി എന്നാൽ ഓരോ ബ്രാഹ്മണാത്മാവും (ഡയമണ്ട്) തിളങ്ങുക. താങ്കൾ വിചാരിക്കും ഡയമണ്ട് ജൂബിലി ഞങ്ങളുടെ ആയിരുന്നില്ല, അത് ദാദിമാരുടെയായിരുന്നു. താങ്കളുടെ ആയിരുന്നോ ദാദിമാരുടെ ആയിരുന്നോ, ആരുടെയായിരുന്നു? യജ്ഞത്തിന്റെ സ്ഥാപനയുടെ കാര്യത്തിന്റെ ഡയമണ്ട് ജൂബിലി. അപ്പോൾ താങ്കൾ എല്ലാവരും രണ്ടു വർഷത്തെ ആയിക്കോട്ടെ,12 വർഷത്തെ ആയിക്കോട്ടെ, 50 ന്റെ ആയിക്കോട്ടെ, എന്നാൽ സ്ഥാപനയുടെ കാര്യത്തിന്റെ നിമിത്തമല്ലേ? നിമിത്തമാണോ? ബ്രാഹ്മണനെന്നാൽ തന്നെ ബ്രഹ്മാബാബയുടെ കൂടെ സ്ഥാപനയുടെ കാര്യത്തിന് നിമിത്ത ആത്മാവ്. അവർക്കേ ബ്രഹ്മാകുമാരൻ, അഥവാ ബ്രഹ്മാകുമാരി എന്നു പറയാനാവൂ. അപ്പോൾ എല്ലാവരും ബ്രഹ്മാകുമാരൻ, കുമാരി ആണോ പുരുഷാർഥി കുമാരൻ, കുമാരി ആണോ? ഏതാണ്? ബ്രഹ്മാകുമാരൻ, കുമാരിമാർ എന്നാൽ ജന്മമെടുത്തു, ബ്രഹ്മാബാബയുടെ കൂട്ട് സ്ഥാപനയുടെ നിമിത്ത ആത്മാവായി. അപ്പോൾ വിചാരിക്കരുത്, ഞങ്ങൾ ഇപ്പോൾ പുതിയവരാണ്. ഞങ്ങൽ ഇപ്പോൾ ചെറിയവരാണ്. എന്നാൽ സമയത്തിനനുസരിച്ച് സമയം സമാപ്തിയുടെ സമീപം ആകുമ്പോൾ ചെറിയവർക്ക്, പുതിയവർക്ക് ഇത്ര തന്നെ തീവ്ര പുരുഷാർഥം ചെയ്യണം. ബ്രാഹ്മണരാണെങ്കിൽ. ക്ഷത്രയരാണെങ്കിൽ സാരമില്ല. എന്നാൽ ബ്രാഹ്മണരാണെങ്കിൽ ബ്രാഹ്മണനിൽ നിന്ന് ദേവത എന്നാണ് പറയാറുള്ളത്. ക്ഷത്രിയനിൽ നിന്നു ദേവതയല്ല. അപ്പോൾ ബ്രാഹ്മണാത്മാൾക്ക് സ്ഥാപനയുടെ നിമിത്തമാകുക തന്നെ വേണം. നിമിത്തം തന്നെയാണ് അതിനാൽ ഇപ്പോൾ മാസ്റ്റർ ദാതാവാകൂ. ദാനം ചെയ്യാതിരിക്കൂ എന്നാൽ സഹയോഗം ചെയ്യൂ. ബ്രാഹ്മണർ ബ്രാഹ്മണർക്ക് ദാനം ചെയ്യാനാവില്ല, സഹയോഗം നൽകാനാവും. അപ്പോൾ എന്തു പറഞ്ഞു? മഹാദാതാവും

മഹാ സഹയോഗിയുമാകൂ. ഇപ്പോൾ ഒരു വർഷക്കാരുണ്ട്, എന്നാലും സമയാനുസരണം ഇപ്പോൾ കുട്ടിത്തരങ്ങൾ അവസാനിപ്പിക്കൂ. എന്തെന്നാൽ എല്ലാ കുട്ടികളും വാനപ്രസ്ഥഅവസ്ഥയുടെ സമീപമാണ്. സമയത്തിന്റെ ഗതി അനുസരിച്ച്, ഡ്രാമയുടെ നിയമമനുസരിച്ച് ഇപ്പോൾ എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥ സമീപമാണ്.

ബാപ്ദാദ അറിയുന്നു– കുട്ടികൾക്ക് ബാബയോട് അതി സ്നേഹമാണ്. അതി സ്നേഹമല്ലേ? അതോ മേലെ മേലെ നിന്നുള്ള സ്നേഹമാണോ? ഹൃദയത്തിന്റെ സ്നേഹമാണ് അപ്പോഴേ ഓടി വരികയുള്ളൂ. നോക്കൂ, പരിധിയില്ലാത്ത ഹാളിൽ പരിധിയില്ലാത്ത ബാബയുടെ കുട്ടികൾ, പരിധിയില്ലാത്ത രൂപത്തിൽ വിരാജിമാനാണ്. ഈ ഹാൾ നല്ലതായി തോന്നുന്നുവോ അതോ ദൂരം തോന്നുന്നുണ്ടോ? നോക്കൂ ഇരിക്കാൻ ദൂരമാണ്, പക്ഷേ ബാപ്ദാദ തന്റെ ഹൃദയത്തിന്റെ വളരെ വലിയ സ്ക്രീനിൽ താങ്കൾ എല്ലാ ദൂരെയിരിക്കുന്ന കുട്ടികളെയും അതി സമീപം കാണുകയാണ്. ദൂരെയല്ല കാണുന്നത്. ബാപ്ദാദയുടെ ഹൃദയത്തിന്റെ സ്ക്രീൻ വളരെ വലുതാണ്. ഇതുവരെയും ശാസ്ത്രജ്ഞർ പോലും ഇറക്കിയിട്ടില്ല. അതിനാൽ താങ്കൾ ദൂരെയല്ല ഇരിക്കുന്നത്, ബാപ്ദാദയുടെ ഹൃദയത്തിൽ ഇരിക്കുകയാണ്. ഇങ്ങനെയല്ലേ കരുതുന്നത്. കസേരയിൽ ഇരിക്കുന്നു, പായിൽ ഇരിക്കുന്നു അതോ, ഹൃദയത്തിൽ ഇരിക്കുന്നുവോ? ദൃശ്യം വളരെ നന്നായി  സുന്ദരമായി തോന്നുന്നുവല്ലോ. പിറകിൽ വരെയും മുഴുവൻ നിറഞ്ഞിരിക്കുന്നു. അതോ കുറച്ച് കാലിയുണ്ടോ? ബാപ്ദാദ കണ്ടുകൊണ്ടിരിക്കുകയാണ് പിറകിൽ കുറച്ച് കാലിയുണ്ട്.

നോക്കൂ താങ്കൾക്ക് ബാപ്ദാദ ജോലി തന്നിരുന്നില്ലേ. താങ്കൾ മറന്നിരിക്കും എന്നാൽ ബാപ്ദാദയ്ക്ക് ഓർമയുണ്ട്. എന്തു ജോലിയാണ് തന്നിരുന്നത്? (ക്രോധമുക്തമാകുന്നതിന്റെ) ഇന്ന് അത് ചോദിക്കുകയില്ല. ആദ്യം ചാൻസ് എടുത്തില്ലേ, അപ്പോൾ ഇന്ന് ക്രോധമുക്തമാകുന്നതിന്റെ ചോദിക്കും, അപ്പോൾ നിരാശരാകും. ബാപ്ദാദയ്ക്ക് റിസൽറ്റ് അറിയാം. ചോദിക്കും. താങ്കളിൽ നിന്നും അവിടെ നിന്ന് റിസൽറ്റ് ചോദിക്കും. ഇന്ന് വിടുന്നു. അപ്പോൾ ജോലി തന്നിരുന്നു, അതോ 9 ലക്ഷം തയ്യാറാക്കി കാണിക്കുമോ? ഓർമയുണ്ടോ, ഓരോ സോണിനോടും പറഞ്ഞിരുന്നു. അപ്പോൾ ഏതു സോണിൽ നിന്നാണ് 9 ലക്ഷം തയ്യാറാക്കിയിരിക്കുന്നത്?

ബംഗാൾ– ബീഹാറിൻരെ സേവനത്തിന്റെ ടേണാണ്. അപ്പോൾ ബംഗാൾ– ബീഹാർ 9 ലക്ഷം തയ്യാറാക്കിയിട്ടുണ്ടോ? മിണ്ടാതിരിക്കുന്നു, സംസാരിക്കുന്നില്ല. ഒരു സോണല്ല, എല്ലാ സോണും ദേശ വിദേശത്തുള്ളവർ ചേർന്ന് 9 ലക്ഷം തയ്യാറാക്കിയിട്ടുണ്ടോ? വിദേശത്തുള്ളവർ പറയൂ. 9 ലക്ഷമുണ്ടോ? ബാപ്ദാദ തന്റെ ഡേറ്റ് നിശ്ചയിക്കുന്നു, അതേ നിശ്ചിത തിയ്യതിയിൽ വരുന്നു. താങ്കളും എല്ലാ കാര്യങ്ങളുടെയും തിയ്യതി നിശ്ചയിക്കാറുണ്ടോ? ഈ ഹാൾ ഏതുവരെ ഉണ്ടാക്കും, പരിപാടി എപ്പോൾ ഉണ്ടാകും, ഈ തിയ്യതി നിശ്ചയിക്കുന്നില്ലേ? അപ്പോൾ ഇതിന്റെ തിയ്യതി ഏതാണ്? നിശ്ചയിച്ചോ? വിനാശത്തിന്റെ അന്ത്യത്തിലോ മുമ്പോ? എന്താകും? എന്താണ് ചിന്തിച്ചിരിക്കുന്നത്? ഏത് തിയ്യതിയാണ്? ഏതെങ്കിലും തിയ്യതിയുണ്ടോ അതോ അതോ ഇപ്പോഴും നിശ്ചയിച്ചിട്ടില്ലേ? ഇതും ബാബ ചെയ്യട്ടെ. ചെയ്യേണ്ടത് താങ്കൾക്കാണ്. ബാപ്ദാദ പറയും, ശുഭകാര്യത്തിൽ വൈകിക്കരുത്, പിന്നെന്തു ചെയ്യും? ഈ സീസണിൻരെ  ഒടുവിലായാലും നല്ലത്. ഇത്രയും ധൈര്യമുണ്ടോ? വെറുതെ ദാതാവാകൂ. അഥവാ ദാതാവാകുകയാണെങ്കിൽ ദാതാവിന്റെ ഭാവനയിലൂടെ താങ്കളുടെ റോയൽ കുടുംബവും സമീപമുള്ള പ്രജകളും വളരെ പെട്ടെന്ന് ആകും. അവരാണെങ്കിൽ കാത്തിരിക്കുകയാണ്. കേവലം സദാ ദാതാവാകാനുള്ള നേരമേയുള്ളൂ.മഹാസഹയോഗിയാകാനുള്ള നേരമേയുള്ളൂ. കൂടുതൽ ഖജനാക്കൾ വെറും അവനവനെ പ്രതി അഥവാ സ്വയത്തിന്റെ സേവനത്തിനായി ഉപയോഗിക്കുന്നു. അവനവന്റെ  സേവനങ്ങളുടെ ഡ്യൂട്ടിയിൽ കൂടുതൽ സമയം വിനിയോഗിക്കുന്നു. മഹാ ദാതാവായി, പരിധിയില്ലാത്ത ദാതാവായി വിശ്വ ഗോളത്തിൽ നിൽക്കുന്നു, പരിധിയില്ലാത്ത സേവനത്തിൽ വൈബ്രേഷൻ പരത്തൂ. വിശ്വ രാജാവാകണം വെറും സോണിന്റെ അഥവാ അവനവന്റെ ചുമതലകളുടെ സർക്കിളിന്റെ രാജാവാകരുത്. വിശ്വമംഗളകാരിയാകൂ. ഇപ്പോൾ പരിധിയില്ലാത്തതിലേക്ക് പോകൂ. പരിധിയില്ലാത്തതിലേക്ക് പോകുന്നതിലൂടെ പരിധിയുള്ള കാര്യങ്ങൾ സ്വതവേ തന്നെ സമാപ്തമാകും. മനോബലം വളരെ ശ്രേഷ്ഠ ബലമാണ്. അതിനെ ഉപയോഗിക്കുന്നില്ല. വാക്ക്, സംബന്ധം, സമ്പർക്കം –അതിലൂടെ സേവനത്തിൽ ബിസിയായിരിക്കുന്നു. ഇപ്പോൾ മനോബലത്തെ വർധിപ്പിക്കൂ. എന്ത് പരിധിയില്ലാത്ത സേവനം ഇപ്പോൾ വാക്ക്,സംബന്ധം, സഹയോഗത്താൽ ചെയ്യുന്നു അത് മനോബലത്താൽ ചെയ്യൂ. അപ്പോൾ മനോബലത്തിന്റെ പരിധിയില്ലാത്ത സേവനം അഥവാ തന്റെ പരിധിയില്ലാത്ത മനോവൃത്തിയിലൂടെ, മനോബലത്തിലൂടെ, വിശ്വത്തിന്റെ ഗോളകയ്ക്കു മുകളിൽ ഉയർന്ന് സ്ഥിതി ചെയ്ത് ബാബയോ

ടൊപ്പം പരമധാമത്തിന്റെ സ്ഥിതിയിൽ സ്ഥിതി ചെയ്ത് അൽപം സമയമെങ്കിലും ഈ സേവനം ചെയ്താൽ താങ്കൾക്ക് ഇതിന്റെ പ്രാലബ്ധം പല മടങ്ങ് അധികം ലഭിക്കും.

ഇന്നത്തെ സമയത്ത് മറ്റു ചുറ്റുപാടുകളും സാഹചര്യങ്ങളും അനുസരിച്ച് അന്തിമ സേവനം ഇതേ മനസാ അഥവാ മനോബലത്തിന്റെ സേവനമാണ്. ഇതിന്റെ അഭ്യാസം ഇപ്പോൾ മുതലേ ചെയ്യൂ. വാക്കിലൂടെയാ യാലും സംബന്ധ സമ്പർക്കത്തിലൂടെയായാലും സേവനം ചെയ്യുന്നു എന്നാൽ ഇപ്പോൾ ഈ മനസാ സേവനത്തിന്റെ അഭ്യാസം അതി ആവശ്യമാണ്., ഒപ്പമൊപ്പം അഭ്യാസം ചെയ്തുകൊണ്ട് പോകൂ. മനസി ലായോ എന്താണ് ചെയ്യേണ്ടതെന്ന്? ഈ മനസാ സേവനം അതേ നിറം കാണിക്കും– സ്ഥാപനയുടെ ആദിയിൽ ബാബയുടെ മനസാ ആത്മീയ ആകർഷണം കുട്ടികളെ ആകർഷിച്ചു. മനസാ സേവനത്തിന്റെ ഫലസ്വരൂപമായി ഇപ്പോഴും കാണാം– അതേ ആത്മാക്കൾ ഇപ്പോഴും അടിത്തറയാണ്. ഡ്രാമയനുസരിച്ച് ഈ ബാബ യുടെ മനസാആകർഷണത്തിന്റെ തെളിവാണ് അവർ ഇത്രയും പക്കയാണ്. അപ്പോൾ അവ സാനത്തിലും ഇപ്പോൾ ബാബയുടെ കൂടെ താങ്കളുടെയും മനസാ ആകർഷണം, ആത്മീയആകർഷണ ത്താൽ ഏത് ആത്മാക്കൾ വരുമോ അവർ സമയാനുസരണം സമയം കുറഞ്ഞ് പരിശ്രമം കുറഞ്ഞ്, ബ്രാഹ്മണ പരിവാരത്തിൽ വൃദ്ധിയുണ്ടാകാൻ നിമിത്തമാകും. അതേ ആദ്യത്തെ നിറം അന്തിമത്തിലും കാണാം. ആദിയിൽ ബ്രഹ്മാബാബയെ സാധാരണക്കാർ കണ്ട് ശ്രീകൃഷ്ണന്റെ രൂപത്തിൽ അനുഭവം ചെയ്തിരുന്നു. സാക്ഷാത്കാരം വേറെ കാര്യമാണ് എന്നാൽ സാക്ഷാത്സ്വരൂപത്തിൽ ശ്രീകൃഷ്ണനെ തന്നെ കാണുന്നു, കഴിക്കുമ്പോഴും, കുടിക്കുമ്പോഴും, നടക്കുമ്പോഴും, ഇങ്ങനെയല്ലേ? അപ്പോൾ സ്ഥാപ നയിൽ ഒരു ബാബ ചെയ്തു, അന്തിമത്തിൽ താങ്കൾ കുട്ടികളും ആത്മാക്കൾക്കു മുന്നിൽ സാക്ഷാത്ദേവീ ദേവതായായി കാണപ്പെടും. അവർ മനസിലാക്കുകയേയില്ല– ഇത് സാധാരണക്കാരാണെന്ന്. അതേ പൂജ്യ തയുടെ പ്രഭാവം അനുഭവം ചെയ്യും, അപ്പോൾ ബാബയടക്കം താങ്കളേവരുടെയും പ്രത്യക്ഷതയുടെ തിര ശ്ശീല മാറും. ഇപ്പോൾ ഒറ്റയ്ക്ക് ബാബയ്ക്ക് ചെയ്യേണ്ട. കുട്ടികളുടെ കൂടെ പ്രത്യക്ഷമാകണം. സ്ഥാപന യിൽ ബ്രഹ്മാവിനൊപ്പം വിശേഷ ബ്രാഹ്മണരും സ്ഥപനയുടെ നിമിത്തമായതു പോലെ, ഇങ്ങനെ സമാ പ്തിയുടെ സമയത്തും ബാബയ്ക്കൊപ്പമൊപ്പം അനന്യ കുട്ടികളും ദേവ രൂപത്തിൽ സാക്ഷാത്അനുഭവ മാകും. ഇതിനു വേണ്ടി ഇന്ന് എന്തു കേൾപ്പിച്ചുവോ അതു തന്നെ ഇപ്പോൾ മുതലേ പ്രാലബ്ധ സ്വരൂപ ത്തിൽ സ്ഥിതി ചെയ്യൂ. ചെറിയ ചെറിയ കാര്യങ്ങളെ വിടൂ,ഇപ്പോൾ ഉയരെ പോകൂ. വിശേഷ പ്രാലബ്ധ സ്വരൂപത്തിന്റെ സാക്ഷാത്കാരം സ്വയവും ചെയ്യൂ, ചെയ്യിക്കൂ. മനസിലായോ. ഇപ്പോഴിപ്പോൾ തന്റെ അനാദി സ്വരൂപത്തിൽ ഒരു സെക്കൻഡിൽ സ്ഥിതി ചെയ്യാനാവുമോ? എന്തെന്നാൽ അന്തിമത്തിൽ ഒരു സെക്കൻഡിന്റെ തന്നെ കാഹളം വിളിക്കുന്നവരാണ്. അപ്പോൾ ഇപ്പോൾ മുതലേ അഭ്യാസം ചെയ്യൂ. ഉറച്ചി രിക്കൂ (ഡ്രിൽ ചെയ്യിച്ചു) ശരി

സർവ നാനാ ഭാഗത്തെയും കുട്ടികൾക്ക് സദാ ഭാഗ്യത്തിന്റെ രേഖകൾ എമർജ് രൂപത്തിൽ സ്മൃതിയിൽ വെക്കുന്ന ആത്മാക്കൾക്ക് , സദാ തന്റെ സംഗമയുഗീ സർവ പ്രാപ്തിസ്വരൂപ പ്രാലബ്ധത്തെ അനുഭവം ചെയ്യുന്ന, സദാ മാസ്റ്റർ ദാതാ, മഹാ സഹയോഗിആത്മാക്കൾക്ക്, സദാ മനസാ സേവനത്തിലൂടെ വിശ്വ ത്തിലെ ആത്മാക്കളുടെ മംഗളകാരി ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്തേയും.

## വരദാനം: കർമയോഗത്തിന്റെ സ്റ്റേജിലൂടെ കർമഭോഗത്തിൻമേൽ വിജയം പ്രാപ്തമാക്കുന്ന വിജയീരത്നമായി ഭവിക്കട്ടെ

കർമയോഗിയാകുന്നതിലൂടെ ശരീരത്തിന്റെ യാതൊരു കർമഭോഗവും ഭോഗിക്കുന്നതിന്റെ അനുഭവം ചെയ്യി ക്കുന്നില്ല. മനസിൽ ഏതെങ്കിലും രോഗമുണ്ടെങ്കിൽ രോഗിയെന്നു പറയും, അഥവാ മനസ് നിരോഗിയെ ങ്കിൽ സദാ ആരോഗ്യശാലിയാണ്. കേവലം അനന്തശയ്യയിലെ വിഷ്ണുവിന് സമാനം ജ്ഞാനത്തെ സ്മരിച്ച് ഹർഷിതമായി, മനനശക്തിയിലൂടെ ഇനിയും സാഗരത്തിന്റെ ആഴങ്ങളിൽ പോകുന്നതിനുള്ള അവസരം ലഭിക്കുന്നു. ഇങ്ങനെയുള്ള കർമയോഗി തന്നെയാണ് കർമഭോഗത്തിനു മേൽ വിജയം പ്രാപ്തമാക്കി വിജ യീരത്നമാകുന്നത്.

## സ്ലോഗൻ: സാഹസത്തെ കൂട്ടുകാരനാക്കിക്കോളൂ എങ്കിൽ ഓരോ കർമത്തിലും സഫലത ലഭിച്ചുകൊണ്ടിരിക്കും